# MAR IVANIOS COLLEGE (AUTONOMOUS)
## THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**First Semester B.A. / B.Sc. Degree Examination, November 2015**

**First Degree Programme under CBCSS**

**Additional Language: Malayalam – I**

**AUML111.1 / AUML111.2: Malayala Kavitha**

( *for 2015 Admissions Only* )

Time: **3** Hours Max. Marks: **80**

## SECTION – A

***എല്ലാ*** *ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. ‘പാർത്ഥസാരഥീവർണ്ണന’ എന്ന പാഠഭാഗം ഏതു കൃതിയിലെ ഏതു ഭാഗത്തുനിന്ന് എടുത്തിട്ടുള്ളതാണ് ?
2. വടക്കൻ പാട്ടുകളിൽ ഭൂരിഭാഗവും രചിച്ചിട്ടുള്ളത് ഏതെല്ലാം കുടുംബങ്ങളെ കേന്ദ്രീകരിച്ചാണ് ?
3. കുമാരനാശാൻ ‘കരുണ’ എന്ന കാവ്യം ആരുടെ, ഏതു കൃതിയെ അവലംബിച്ചാണ് രചിച്ചത് ?
4. ‘മലയാളകവിതയിലെ ഓർഫ്യൂസ്’ എന്നറിയപ്പെടുന്ന കവി ആര് ?
5. ‘മലയാളകവിതയിലെ സമാന്തരരേഖകൾ’ എന്ന് ഒ. എൻ. വി. കുറുപ്പ് വിശേഷിപ്പിച്ച കവികൾ ആരെല്ലാം ?
6. ‘കൂട്ടുകൃഷി’ എന്ന നാടകം രചിച്ച കവിയുടെ പേരെന്ത് ?
7. ‘നിത്യമേഘം’ എന്ന കവിത ആരെ സ്മരിച്ചുകൊണ്ട് എഴുതിയതാണ് ?
8. ‘വാളല്ലെൻ സമരായുധം’ - എന്നു പ്രഖ്യാപിച്ച കവി ആര് ?
9. ‘അഗ്നിശലഭങ്ങൾ ’ എന്ന കവിത രചിച്ച പശ്ചാത്തലം എന്താണ് ?
10. ‘പുരൂരവസ്’ എന്ന കവിതയിൽ ആരുടെയെല്ലാം കൃതികളുടെ സ്വാധീനമാണുള്ളത് ?

**(10 × 1 = 10 Marks)**

P.T.O.

## SECTION – B

***ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. കടമ്മനിട്ടക്കവിതകളിൽ ഏതു കലാരൂപത്തിന്റെ താളലയങ്ങളാണ് മുഴങ്ങി നിൽക്കുന്നത് ? വിവരിക്കുക.

12. ''ഇരുളിലപ്പോഴുദിക്കുന്നു നിൻ മുഖം
കരുണമാം ജനനാന്തര സാന്ത്വനം'' – സന്ദർഭം വിശദമാക്കുക.

13. അമ്മത്തൊട്ടിൽ എന്ന സംജ്ഞയ്ക്ക് റഫീക്ക് അഹമ്മദിന്റെ കവിതയിലൂടെ കൈവന്ന അർത്ഥപരിണാമം വിവരിക്കുക.

14. ''ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം' എന്ന വിഖ്യാത കവിതയാണ് 'രണ്ടുശില്പങ്ങൾ' എന്ന കവിതയ്ക്ക് ആസ്പദം''– നിരീക്ഷണത്തിന്റെ സാംഗത്യം വ്യക്തമാക്കുക.

15. ''മനുഷ്യമസ്തിഷ്ക്കത്തോ
        ടല്ല, മാംസത്തോടല്ല;
മനസ്സിനോടേ, കാവ്യ–
        ഹൃദയം സംസാരിക്കൂ'' – സന്ദർഭവും ആശയവും എഴുതുക.

16. ''എന്തിന് ? മർത്ത്യായുസ്സിൽ
സാരമായതു ചില
മുന്തിയസന്ദർഭങ്ങൾ –
അല്പമാത്രകൾ മാത്രം'' – സ്വാരസ്യം വ്യക്തമാക്കുക.

17. ''മനുഷ്യപുത്രൻ വീണ്ടു –
        മവിടെ മരിക്കുന്നു'' – ആ മരണം എങ്ങനെയെല്ലാമാണ് ?

18. തറവാടിത്തഘോഷണം വൃത്തികെട്ടതാണെന്ന് കവി ചിന്തിക്കുവാൻ കാരണമെന്ത് ?

19. ''പാടി പണ്ടൊരു ഗായകനസ്ഥി –
മാടമൊന്നിലെ സ്പന്ദനം കേൾക്കെ:'' – സൂചിതം വ്യക്തമാക്കുക.

20. '' 'സമയമായില്ല' പോലും 'സമയമായില്ല' പോലും
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴി'' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ? വിശദമാക്കുക.

21. കാല്പനിക കവിതയുടെ സവിശേഷതകൾ വിവരിക്കുക.

22. ''അന്നു നീ ചെയ്തതു മറന്നിട്ടില്ല

    ആ കാര്യം ഓർമ്മ മറന്നുപോയൊ''-

    ആരാണ് ഇങ്ങനെ പറഞ്ഞത് ? സന്ദർഭം എഴുതുക.

**(8 × 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. മണിരഥത്തിലിരിക്കുന്ന കൃഷ്ണനെ കവി വർണ്ണിക്കുന്നതെങ്ങനെ ?

24. വാസവദത്തയുടെ വശ്യമോഹനമായ ദൃശ്യം സ്വവാക്യത്തിൽ അവതരിപ്പിക്കുക.

25. ''ജീവിതത്തിന്റെ ഉലയിൽ ഉരുകിത്തെളിഞ്ഞ മാനവികബോധം ഇടശ്ശേരിക്കവിതയുടെ അന്തഃസത്തയാണ്''- 'കറുത്ത ചെട്ടിച്ചികൾ' എന്ന കവിതയെ ആധാരമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

26. 'പുരൂരവസ്' എന്ന കവിതയിൽ തെളിയുന്നത് കാല്പനികപ്രണയമാണ് - ചർച്ച ചെയ്യുക.

27. ''ശ്യാമസുന്ദര, മൃത്യുവും നിന്റെ

    നാമമാണെന്നു ഞാനറിയുന്നേൻ'' - വിശകലനം ചെയ്യുക.

28. ''നഗ്നപാദരാ, - യെന്റെ

    'ദന്തഗോപുര'ത്തിലേ -

    ക്കെത്തുക; വരവേല്ക്കാൻ

    വാതില്ക്കലുണ്ടാവും ഞാൻ!'' - കവി ഇപ്രകാരം പറയാൻ കാരണമെന്ത് ?

29. കാളിദാസകവിതയുടെ ഭാവസൗന്ദര്യം മുഴുവൻ അക്കിത്തം മേഘത്തിൽ കണ്ടെത്തുന്നത് എങ്ങനെയെല്ലാമാണ് ?

30. ''അർത്ഥഭാണ്ഡങ്ങൾ തൻ കനം കുറഞ്ഞുപോകുന്നു, തോഴീ -

    യിത്തനുകാന്തിതൻ വിലയിടിഞ്ഞിടുന്നു'' -

    ഇങ്ങനെ പറയാൻ വാസവദത്തയെ പ്രേരിപ്പിച്ച സാഹചര്യം എന്തായിരുന്നു ?

31. എഴുത്തച്ഛനെ ''മലയാളഭാഷയുടെ പിതാവ്'' എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത് ?

**(6 × 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ*** *കവിയാതെ ഏതെങ്കിലും* ***രണ്ടു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*

32. വടക്കൻപാട്ടുകളുടെ സവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

33. ചങ്ങമ്പുഴക്കവിതയുടെ മുഖമുദ്രകളിൽ മിക്കതും 'കാവ്യനർത്തകി' എന്ന കവിതയിൽ പ്രതിഫലിക്കുന്നുണ്ട് - ഉപപാദിക്കുക.

34. 'ഊഞ്ഞാലിൽ' എന്ന കവിതയിൽ തെളിയുന്ന പ്രണയാനുഭത്തിന്റെ തീവ്രതയെപ്പറ്റി ഉപന്യസിക്കുക.

35. പാരിസ്ഥിതിക ദുരന്തത്തിന്റെ ചിത്രങ്ങൾ 'കിരാതവൃത്തം' എന്ന കവിതയിൽ കവി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെല്ലാമാണ് ?

**(2 × 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*